**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **12-07-2022 - ൽ മറുപടിയ്ക്ക്**

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി വിശദീകരിക്കാമോ; | (എ) | പട്ടികവർഗ്ഗ ജനതയുടെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുമായി വയനാട് ജില്ലയിലെ വൈത്തിരിയിൽ ആരംഭിച്ച പദ്ധതിയാണിത്.<br><br>ഒരു മോഡൽ ട്രൈബൽ വില്ലേജ് സൃഷ്ടിച്ച് പരമ്പരാഗത ആദിവാസി ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, കലാ രൂപങ്ങൾ മുതലായവ പരിചയപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിതമാർഗ്ഗവും വരുമാനവും ലക്ഷ്യമിട്ടുള്ള തീർത്തും പ്രകൃതി സൗഹൃദപരമായ പദ്ധതിയാണ് എൻ ഊര് പദ്ധതി. ഈ പദ്ധതി മുഖേന 50 പട്ടികവർഗ്ഗക്കാർക്ക് പ്രത്യക്ഷമായും, ആയിരത്തോളം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പരോക്ഷമായും മെച്ചപ്പെട്ട ജീവിത/ തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ഗോത്ര ജനതയുടെ ജീവിത അഭിവൃദ്ധിയും സ്ഥിര വരുമാനവും ലക്ഷ്യമിടുന്നുണ്ടോ; | (ബി) | പട്ടികവർഗ്ഗ ജനതയുടെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുമായി വയനാട് ജില്ലയിലെ വൈത്തിരിയിൽ ആരംഭിച്ച പദ്ധതിയാണിത്.<br><br>ഒരു മോഡൽ ട്രൈബൽ വില്ലേജ് സൃഷ്ടിച്ച് പരമ്പരാഗത ആദിവാസി ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, കലാ രൂപങ്ങൾ മുതലായവ പരിചയപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിതമാർഗ്ഗവും വരുമാനവും ലക്ഷ്യമിട്ടുള്ള തീർത്തും പ്രകൃതി സൗഹൃദപരമായ പദ്ധതിയാണ് എൻ ഊര് പദ്ധതി. ഈ പദ്ധതി മുഖേന 50 പട്ടികവർഗ്ഗക്കാർക്ക് പ്രത്യക്ഷമായും, ആയിരത്തോളം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പരോക്ഷമായും മെച്ചപ്പെട്ട ജീവിത/ തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ മുപ്പത് ശതമാനത്തോളം ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന തൃശ്ശൂർ | (സി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ജില്ലയിലെ അതിരപ്പിള്ളിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ